

29-12-2022

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-29/12/2022.

1. കൃഷിവകുപ്പും കേരള കാർഷിക സർവകലാശാലയും സംയുക്തമായി വയനാട്, അമ്പലവയൽ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ജനുവരി 1 മുതൽ 15 വരെ **പൂപ്പൊലി 2023** സംഘടിപ്പിക്കുന്നു. ആയിരത്തിൽപ്പരം ഇനങ്ങളോടു കൂടിയ റോസ് ഗാർഡൻ, ഡാലിയ ഗാർഡൻ, വിശാലമായ ഗ്ലാഡിയോലസ് തോട്ടം, തായ്‌ലാൻഡിൽ നിന്നും ഇറക്കുമതി ചെയ്ത ഓർക്കിഡുകൾ, നെതർലാൻഡിൽ നിന്നുളള ലിലിയം ഇനങ്ങൾ തുടങ്ങിയവയുടെ വർണ്ണ വിസ്മയമാണ് ഈ പുഷ്പോത്സവത്തിൽ ഒരുക്കിയിരിക്കുന്നത്. കർഷകർക്കും കാർഷിക മേഖലയിലെ ഉദ്യോഗസ്ഥർക്കും വിജ്ഞാനം പകരുന്ന സെമനാറുകളും മേളയിൽ സംഘടിപ്പിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **04936 260421, 260561, 9496860421** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ 2023 ജനുവരി നാലു മുതൽ 15 വരെ **ന്യൂ ഇയർ ഫെസ്റ്റ് – പ്രദർശന വിപണന ഡിസ്കൗണ്ട് മേള** സംഘടിപ്പിക്കുന്നു. ഇതിന്റെ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും. ഇതിനോടനുബന്ധിച്ച് കർഷകരെ ആദരിക്കൽ, വാണിജ്യ സ്റ്റാൾ, ഫുഡ് ഫെസ്റ്റ്, നഴ്സറി, പെറ്റ് ഷോ, ഫാം ടൂറിസം, അമ്യൂസ്മെന്റ് പാർക്ക്, ഓട്ടോമൊബൈൽസ്, കൾച്ചറൽ പ്രോഗ്രാം തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു. പ്രവേശനം സൗജന്യമാണ്.

3. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും തൊഴിൽരഹിതരായ ഐടിഐ./വി എച്ച് എസ് ഇ ഓട്ടോമൊബൈൽ എൻജിനീയറിങ്, ഡീസൽ മെക്കാനിക്, മെക്കാനിക് അഗ്രികൾച്ചർ മെഷിനറി, മെക്കാനിക്കൽ സർവീസിങ് ആൻഡ് അഗ്രോമെഷീനറി, ഫാം പവർ എൻജിനീയറിങ്, മെക്കാനിക്ക് ട്രാക്ടർ എന്നീ ട്രേഡിൽ കോഴ്സ് പാസായവരിൽ നിന്നും തെരഞ്ഞെടുക്കുന്ന 20 പേർക്ക് കാർഷിക യന്ത്ര പ്രവർത്തനം, അറ്റകുറ്റപ്പണി എന്നിവയിൽ 20 ദിവസത്തെ പരിശീലനം നടത്തുന്നു. പ്രായപരിധി 18-35 വയസ്സ്. താൽപര്യമുള്ളവർ ഡിസംബർ 30 ന് വൈകിട്ട് അഞ്ചുമണിക്ക് മുൻപായി കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ spokksasc1@gmail.com എന്ന ഇമെയിൽ വഴി അപേക്ഷകൾ അയയ്ക്കേണ്ടതാണ്. അപേക്ഷാഫോറവും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടുതൽ വിവരങ്ങളും മിഷന്റെ **8281200673** നമ്പർ വാട്സാപ്പിലൂടെ അല്ലെങ്കിൽ ഇ-മെയിൽ വഴി ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ് എന്ന് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സി ഇ ഒ അറിയിച്ചു.

4. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒന്നര മാസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 120 രൂപ നിരക്കിൽ വിൽപ്പന ആരംഭിച്ചിരിക്കുന്നു. താൽപ്പര്യമുളളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യൽപാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈ ആയ കേരശ്രീയുടെ വലിയ തൈകൾ ഒന്നിന് 250 രൂപ നിരക്കിൽ (മൊത്തം 400 എണ്ണം) വിൽപ്പനയ്ക്ക് ലഭ്യമാണ്. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

**പരിശീലന പരിപാടികൾ**

6. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "ലാൻഡ്സ്കേപ്പിംഗ് " എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **2023 ജനുവരി 9** ന് തുടങ്ങുന്നു. ഈ കോഴ്സിൽ ചേരുന്നതിന് 2023 ജനുവരി 8 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് **ജനുവരി 9** മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

7. പാലക്കാട് ജില്ലയിലെ പട്ടാമ്പി ക,ഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് നാളെ (ഡിസംബർ 30) **സൗരോർജ്ജ പമ്പുസെറ്റുകൾ – ഊർജ്ജക്ഷമതയ്ക്കും ജലവിഭവ കാര്യക്ഷമതയ്ക്കും** എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയത്തെക്കുറിച്ച് പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **628937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പുനലൂർ അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ രണ്ടു വർഷത്തെ കെ.ജി.സി.ഇ കോഴ്സായ **'ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഓഫ് അഗ്രികൾച്ചറൽ മെഷിനറീസ്** കോഴ്സിൽ പ്രവേശനം ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **8086087344, 9847882327** എന്നീ നമ്പരുകളിൽ ബന്ധപ്പെടുകയോ, www.polvadmission.org/kgee എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

**മൃഗപരിപാലന നിർദ്ദേശങ്ങൾ**

9. കന്നുകാലികളിൽ ചർമ്മ മുഴ രോഗത്തിനെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുക. രോഗം പരത്താൻ സാധ്യതയുള്ള ബാഹ്യപരാദങ്ങളായ പട്ടുണ്ണി, ചെള്ള്, ഈച്ച എന്നിവയെ നശിപ്പിക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുക. ചർമ്മരോഗം വന്ന പശുക്കളെ മാറ്റി താമസിക്കുക. രോഗതീവ്രത അനുസരിച്ച് മൃഗ ഡോക്ടറുടെ നിർദ്ദേശപ്രകാരം പുറത്തു പുരട്ടുന്ന ലേപനങ്ങളും ഗുളികകളും മറ്റു മരുന്നുകളും ഉപയോഗിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം